**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 351** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി പരമാവധി സംരംഭക സാധ്യതകൾ ഹരിതകർമ്മസേനക്കായി തുറന്നുകൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. വാതിൽപ്പടി പാഴ് വസ്തു ശേഖരണം വീടുകളിലും സ്ഥാപനങ്ങളിലും നൂറ് ശതമാനത്തിൽ എത്തിക്കുവാനുള്ള പരിപാടികളും നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | ഹരിത കർമ്മസേനകൾ സജീവമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി സജീവമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ തദ്ദേശ സ്ഥാപനങ്ങളിലെയും പ്രവർത്തനാവസ്ഥ വിലയിരുത്തി. നിരന്തര അവലോകനങ്ങളിലൂടെ, ഹരിത കർമ്മസേനയുടെ പ്രവർത്തനം മികച്ച അവസ്ഥയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീക്കൊപ്പം തദ്ദേശ സ്ഥാപനങ്ങളും ഈ വിഷയത്തിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ